(ബി) ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും തെരുവുനായ്ക്കളെ വന്ധ്യംകരിക്കാനായി 2019, 2020, 2021 എന്നീ വർഷങ്ങളിൽ എത്ര തുക വീതം നീക്കിവച്ചിരുന്നു; ആയതിൽ ഓരോ സ്ഥാപനവും ചെലവാക്കിയ തുക എത്ര?

സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും 2019, 2020, 2021 വർഷങ്ങളിൽ തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനായി നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

(സി) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണം കൂടിവരുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണം കൂടിവരുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ട്. തെരുവുനായ ആക്രമണം തടയുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമേ തെരുവുനായ നിയന്ത്രണത്തിനായി എ.ബി.സി. പദ്ധതിയും നടപ്പിലാക്കിവരുന്നു.

സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിടനിർമ്മാണ അനുമതി

301 (1667) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

2021-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം എംപാനൽഡ് ലൈസൻസികൾ ലോ റിസ്ക് വിഭാഗത്തിലുള്ള കെട്ടിട നിർമ്മാണത്തിനായി (300 ച. മീ. വരെ വിസ്തൃതിയുള്ള ഗാർഹിക കെട്ടിടങ്ങൾ, 100 ച. മീ. വരെ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങൾ, ചെറുകിട വ്യവസായ കെട്ടിടങ്ങൾ, 200 ച. മീ. വരെ വിസ്തൃതിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, മതപരമായ കെട്ടിടങ്ങൾ, വൃദ്ധസദനങ്ങൾ) പെർമിറ്റുകൾ നിശ്ചിത ഫാറത്തിൽ തയ്യാറാക്കി ആവശ്യമായ ഫീസ് അടച്ച് തദ്ദേശ ഭരണ സ്ഥാപനത്തിൽ പ്ലാനുകൾ ഉൾപ്പെടെ നൽകണം. രേഖകൾ പരിശോധിച്ച് 5 ദിവസത്തിനകം തദ്ദേശഭരണസ്ഥാപന സെക്രട്ടറി കൈപ്പറ്റരസീത് നൽകണം. കൈപ്പറ്റരസീത് അനുമതിയായി കണക്കാക്കാവുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലെ കെട്ടിട നിർമ്മാണ സോഫ്റ്റ്വെയർ ഭേദഗതി വരുത്തേണ്ടതുണ്ടോ എന്നറിയിക്കാമോ;

&

(സി) ഓൺലൈൻ വഴി ഇത്തരം അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ വ്യക്തമാക്കാമോ?

കെട്ടിട നിർമ്മാണത്തിനായി നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയറിൽ സ്വയം സാക്ഷ്യപ്പെടുത്തലിലൂടെയുള്ള കെട്ടിടനിർമ്മാണാനുമതി നൽകുന്നതിലേയ്ക്കായി മാറ്റംവരുത്തേണ്ടതുണ്ട്. ഇപ്രകാരം മാറ്റം വരുത്തി കഴിഞ്ഞാൽ ഓൺലൈനായിത്തന്നെ അപേക്ഷ നൽകാവുന്നതും ഫീസ് അടയ്ക്കാവുന്നതുമാണ്. ഇതിന് ഓൺലൈനായി തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക് കൈപ്പറ്റ് രസീത് നൽകാനും കഴിയും.

(ഡി) സ്വയം സാക്ഷ്യപ്പെടുത്തിയുള്ള പെർമിറ്റിന്റെ റിവൈസ്ഡ് പെർമിറ്റ്, കെട്ടിട നിർമ്മാണ ക്രമവത്കരണം എന്നിവയ്ക്കുള്ള നടപടികൾ വ്യക്തമാക്കാമോ?

നിർമ്മാണ സമയത്ത് മാറ്റംവന്നതുകൊണ്ടോ അംഗീകരിച്ച പ്ലാനിൽ മാറ്റംവരുത്തണമെന്ന് തോന്നുകയോ ചെയ്യുന്ന പക്ഷം, സ്വയം സാക്ഷ്യപ്പെടുത്തലിലൂടെയുള്ള കെട്ടിട നിർമ്മാണാനുമതി നേടിയ ഒരു നിർമ്മാണത്തിന്, സ്വയം സാക്ഷ്യപ്പെടുത്തലിലൂടെതന്നെ റിവൈസ്ഡ് പെർമിറ്റിന് അപേക്ഷിക്കാം. എന്നാൽ ക്രമവത്കരണം ആവശ്യമുള്ള പക്ഷം സ്വയം സാക്ഷ്യപ്പെടുത്തലിലൂടെതന്നെ അപേക്ഷിക്കാൻ ചട്ടത്തിൽ വ്യവസ്ഥയില്ല.

ജനപ്രതിനിധികളുടെ ഓണറേറിയം

302 (1668) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലെയും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയിലെയും ജനപ്രതിനിധികൾക്ക് പ്രതിമാസം നൽകുന്ന ഓണറേറിയം എത്ര വീതമെന്ന് അറിയിക്കാമോ?

തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നിലവിലെ ഓണറേറിയം ചുവടെ ചേർക്കുന്നു:

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്- 16,800

വൈസ് പ്രസിഡന്റ്- 14,200

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ-10,400

LIBRARY ARCHIVES Kerala Legislative Assembly